## വഴിവെളിച്ചം

# കടബാധിതന്റെ സ്വർഗപ്രവേശം

عَن مُحمَّد بْنِ جَحْشٍ رَضِي اللّه عَنْه قَال : كُنَّا جُلُوسًا عِند رَسُول اللَّه ﷺ فَرَفَعَ رَأْسَهُ إِلَى السَّمَاءِ ، ثُمَّ وَضَعَ رَاحَتَهُ عَلَى جَبْهَتِه ،ثُمَّ قَالَ: " سبحان اللَّه ، مَاذَا نُزِّلَ مِنَ التَّشْدِيد ؟ " ، فَسَكَتْنَا وَفَزِعْنَا ، فَلَمَّا كَانَ مِنَ الغد سَأَلْتُهُ : يَا رَسُولَ اللَّه ، مَا هَذَا التَّشْدِيدُ الَّذِي نُزِّلَ ؟ فَقَالَ : "وَالّذى نَفْسِي بِيَدِه ، لَوْ أَنَّ رَجُلًا قُتِلَ فِي سَبِيلِ اللَّه ، ثُمَّ أُحْيِيَ ، ثُمَّ قُتِلَ ، ثُمَّ أُحْيِيَ ، ثُمَّ قُتِلَ ، وَعَلَيْه دَيْن ، مَا دَخَلَ الجَنَّةَ حَتَى يُقْضَى عَنْهُ دَيْنُهُ "

**മുഹമ്മദുബ്നു ജഹ്ശി(റ)ൽനിന്ന്: "ഞങ്ങൾ തിരുദൂതരുടെ കൂടെ ഇരിക്കുകയായിരുന്നു. അപ്പോൾ അവിടുന്ന് ആകാശത്തേക്ക് തലയുയർത്തുകയും തന്റെ കൈപ്പടം നെറ്റിയിൽ വെക്കുകയും ചെയ്തു. ശേഷം ഇങ്ങനെ പറഞ്ഞു: 'സുബ്ഹാനല്ലാഹ്! എന്തൊരു ഭയാനകതയാണ് ഇറങ്ങാൻ പോകുന്നത്?' ഞങ്ങൾ ഭയചകിതരാവുകയും മൗനം പാലിക്കുകയും ചെയ്തു. അടുത്ത ദിവസം ഞാൻ പ്രവാചകനോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളുടെ മേൽ ഇറങ്ങാൻ പോകുന്ന ആ ഭയാനക കാര്യം എന്താണ്? നബി പറഞ്ഞു: 'എന്റെ ആത്മാവ് ആരുടെ കൈയിലാണോ, അവൻ തന്നെയാണ! ഒരാൾ ദൈവമാർഗത്തിൽ വധിക്കപ്പെടുകയും, വീണ്ടും ജീവിച്ച് വധിക്കപ്പെടുകയും, പിന്നെയും ജീവിച്ച് വധിക്കപ്പെടുകയും ചെയ്താലും തന്റെ മേൽ കടബാധ്യതകളുണ്ടെങ്കിൽ അത് വീട്ടപ്പെടുന്നതു വരെ ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ല."***

**(അന്നസാഇ: 4698)**

**മനുഷ്യർ** നടത്തുന്ന സാമ്പത്തിക ഇടപാടുകളിൽ പ്രധാനമാണ് കടം. ഒരാൾക്കും കടം വാങ്ങാതെയും കൊടുക്കാതെയും ജീവിക്കാനാവുകയില്ല. യാചനയെ പോലെ അനഭിലഷണീയമായ കാര്യമായിട്ടല്ല ഇസ്‌ലാം കടത്തെ കാണുന്നത്, മറിച്ച് സാമൂഹിക ജീവിതത്തിന്റെ അസ്തിവാരങ്ങളിൽ ഒന്നായാണ്. അനിവാര്യ സന്ദർഭങ്ങളിൽ ഏതൊരാൾക്കും കടംവാങ്ങേണ്ടി വരും. അന്ത്യപ്രവാചകൻ കടം കൊടുക്കുകയും വാങ്ങുകയും ചെയ്തിരുന്നതായി ഹദീസുകളിൽ കാണാം.

വിശുദ്ധ ഖുർആനിലെ ഏറ്റവും ദൈർഘ്യമേറിയ സൂക്തം (2:282) കടവുമായി ബന്ധപ്പെട്ടതാണ്. കടമിടപാടുകൾ, അവ എത്ര നിസ്സാരമാണെങ്കിൽ പോലും എഴുതിവെക്കണമെന്നും സാക്ഷികളെ നിർത്തണമെന്നും ഖുർആൻ ഉണർത്തിയിട്ടുണ്ട്. കടംനൽകുന്നതിന്റെ ശ്രേഷ്ഠതയെ കുറിച്ച് ധാരാളം പ്രവാചക വചനങ്ങളുണ്ട്. ഇബ്നു മസ്ഊദ്(റ) ഉദ്ധരിച്ച ഒരു നബിവചനം: 'ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന് രണ്ടു പ്രാവശ്യം കടംകൊടുക്കുന്നില്ല; അതിലൊന്ന് ദാനമായി രേഖപ്പെടുത്തപ്പെട്ടിട്ടല്ലാതെ' (ഇബ്നുമാജ, ഇബ്നു ഹിബ്ബാൻ). അനസ്(റ) ഇപ്രകാരം ഉദ്ധരിക്കുന്നു: നബി(സ) പറഞ്ഞു: 'മിഅ്റാജ് രാത്രിയിൽ സ്വർഗ കവാടത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയത് എനിക്ക് കാണാൻ കഴിഞ്ഞു: 'ദാനത്തിന് പത്തിരട്ടി പ്രതിഫലം; കടത്തിന് പതിനെട്ടിരട്ടിയും.' ഞാൻ ചോദിച്ചു: 'അല്ലയോ ജിബ്‌രീൽ, കടം കൊടുക്കുന്നത് ദാനം ചെയ്യുന്നതിനെക്കാൾ ശ്രേഷ്ഠമാണെന്നോ?' ജിബ്‌രീൽ പറഞ്ഞു: 'കാരണമുണ്ട്, യാചകൻ കൈയിലുള്ളപ്പോഴും യാചിച്ചുകൊണ്ടിരിക്കും; എന്നാൽ, കടക്കാരൻ അങ്ങനെയല്ല; ആവശ്യമുള്ളപ്പോഴല്ലാതെ അയാൾ കടം ചോദിക്കുകയില്ല' (ബൈഹഖി, ഇബ്നുമാജ, ത്വബ്റാനി).

കടംവാങ്ങിയവൻ അത് തിരിച്ചു കൊടുക്കൽ നിർബന്ധമാണ്; അവധി വെച്ചിട്ടുണ്ടെങ്കിൽ അവധിക്കുതന്നെ. കഴിവുണ്ടായിട്ടും കടംവീട്ടാതെ താമസിപ്പിക്കുന്നത് ഗുരുതരമായ അതിക്രമമാണ്. നബി(സ) പറഞ്ഞു: 'കഴിവുള്ളവൻ കടംവീട്ടാതെ നീട്ടിക്കൊണ്ടുപോകൽ അക്രമമാണ്' (ബുഖാരി, മുസ്‌ലിം). കടം എത്രയും വേഗം തിരിച്ചടക്കണമെന്നും കടംനൽകിയവനെ സന്തോഷിപ്പിക്കുന്ന വിധം ഏറ്റവും നന്നായി കടംവീട്ടണമെന്നും പ്രവാചകൻ ഉണർത്തിയിട്ടുണ്ട്. അവിടുന്ന് പറയാറുണ്ടായിരുന്നു: 'നിങ്ങളിൽ ഏറ്റവും നല്ലവൻ നന്നായി കടം വീട്ടുന്നവനത്രെ' (ബുഖാരി, മുസ്‌ലിം, അഹ്മദ്).

കടക്കാരനായി മരണപ്പെടാനിടയാവുന്നത് അതീവ ഗുരുതരമാണ്. കടം വ്യക്തികളുമായുള്ള ബാധ്യതയായതിനാൽ അവർ വിട്ടുവീഴ്ച ചെയ്താലല്ലാതെ അല്ലാഹു അത് പൊറുത്തുതരികയോ മാപ്പാക്കുകയോ ചെയ്യില്ല. രക്ത സാക്ഷി പോലും ഇതിൽനിന്ന് ഒഴിവല്ല എന്നാണ് ആദ്യം ഉദ്ധരിച്ച ഹദീസ് ഉണർത്തുന്നത്.

ഒരിക്കൽ ഒരാളുടെ മയ്യിത്ത് കൊണ്ടുവന്നു. നബി(സ) ചോദിച്ചു: 'നിങ്ങളുടെ കൂട്ടുകാരന് വല്ല കടബാധ്യതയുമുണ്ടോ?' അവർ പറഞ്ഞു: 'അതെ, കുറച്ചു കടമുണ്ട്.' അതറിഞ്ഞപ്പോൾ പ്രവാചകൻ നമസ്കരിക്കാൻ കൂട്ടാക്കിയില്ല. അവിടുന്ന് പറഞ്ഞു: 'ഈ വ്യക്തിക്ക് വേണ്ടി ഞാൻ നമസ്കരിച്ചിട്ടെന്തു കാര്യം? അയാളുടെ ആത്മാവ് കടബാധ്യതയുടെ പേരിൽ ഖബറിൽ ബന്ധനത്തിലാണ്. കടംവീട്ടുന്നതുവരെ അത് ആകാശലോകത്തേക്ക് ഉയരുകയില്ല. ഇനി, ആരെങ്കിലുമൊരാൾ കടം ഏറ്റെടുക്കാൻ തയാറാവുകയാണെങ്കിൽ ഇദ്ദേഹത്തിനുവേണ്ടി ഞാൻ നമസ്കരിക്കാം. തീർച്ചയായും, എന്റെ പ്രാർഥന അപ്പോൾ ഇദ്ദേഹത്തിന് ഗുണം ചെയ്യും!' (ത്വബ്റാനി, അബൂയഅ്ല). ■

**ജഅ്ഫർ എളമ്പിലാക്കോട്**